# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 28

# വാർത്താക്കുറിപ്പ്

## വികസനം നീതി ഉറപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കണം: ഡോ. കെ. ജയകുമാർ

### - വികസനത്തിൽ ഗാന്ധിയൻ ബദൽ അന്വേഷിക്കണം

വികസനം സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക നീതി ഉറപ്പുവരുത്തുന്നുണ്ടോയെന്ന് ഗാന്ധിയൻ വിചാരങ്ങളെ മുൻനിർത്തി പരിശോധിക്കേണ്ടതുണ്ടെ ന്ന് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല മുൻ വൈസ് ചാൻസലറും ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ . കെ. ജയകുമാർ പറഞ്ഞു . മഹാത്മാഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിങ് ആൻഡ് എക് സ്റ്റൻഷൻ വകുപ്പും കമലദളം സാഹിത്യ അക്കാദമിയും ചേർന്ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച എകദിന ശിൽപശാലയിൽ 'വികസനം, വിനാശം; ഗാന്ധിയൻ സമീപനം ' എന്ന വിഷയത്തി ൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്ന അദ്ദേഹം.

മനുഷ്യനെ മാത്രമല്ല പ്രകൃതിയിലെ സർവചരാചരങ്ങളെയും ഉൾക്കൊണ്ടുള്ള അഹിംസ കാഴ്ചപ്പാടാണ് ഗാന്ധിജിക്കുണ്ടായിരുന്നത്. പ്രകൃതിയെയും ചരാചരങ്ങളെയും കണക്കിലെടുത്ത് വികസനത്തിൽ ഗാന്ധിയൻ ബദലുകൾ അന്വേഷിക്കണം . പ്രകൃതിയോടുള്ള നി ലവിലെ സമീപനത്തെ ഹിസംയെന്ന ഗാന്ധിയൻ കാഴ്ചപ്പാടിൽ വിളിക്കാനാകു . എല്ലാം കീഴടക്കിയെന്ന മനുഷ്യന്റെ മാനസികാവസ്ഥയും ധാരണയുമാണ് പരിസ്ഥിതി പ്രശ് നങ്ങളുണ്ടാക്കുന്നത്. അവനവന്റെ ലാഭം മാത്രം ലക്ഷ്യമിടുന്ന . പ്രകൃതി സർവചരാചരങ്ങൾക്കുമുള്ളതാണെന്ന ഭാരതീയ വിചാരധാരയാണ് ഗാന്ധിജി പിന്തുടർന്നത്.

വീഴ്ചകൾ പരിഹരിക്കാനുള്ള കരുത്ത് ഗാന്ധിയൻ വിചാരങ്ങൾക്കുണ്ട് . ജീവിതം വഴിതെറ്റിപ്പോകാതിരിക്കാനുള്ള സുരക്ഷാവലയായി ഇതിനെ കാണാം . ഒരു കാലത്ത് മതവും പിന്നീട് പുരോഗമന ചിന്തകളും സമൂഹത്തിന്റെ സുരക്ഷാവലയെന്ന നിലയിൽ നിലനിന്നിരുന്ന . കോർപറേറ്റ് മുതലാളിത്തം ഗവേഷണവിഷയങ്ങളും തെരഞ്ഞെടുപ്പുകളും വരെ തീരുമാനിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ട്. സമ്പത്തുണ്ടാക്കാനുള്ള മാർഗങ്ങൾ ശരിയാണോയെന്ന് നാം പുനർവിചിന്തനം ചെയ്യണം. ചൂഷണരഹിതവും സർവതലസ്പർശിയുമായ വികസനമാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

പരിസ്ഥിതി സൗഹൃദമായ ഉത്പാദനത്തി ലേക്ക് ലോകമൊന്നാകെ മാറേണ്ടുന്ന കാലമാണിതെന്നും അത്തരം സമീപനങ്ങളിലേക്ക് മാറിയിട്ടുണ്ടെന്നും ശിൽപശാലയുടെയും സർട്ടിഫിക്കറ്റ് വിതരണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ച വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് പറഞ്ഞു . എൻ.എൻ. ലാലു അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, മാത്യു കണമല, പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പ്രസംഗിച്ചു. മികച്ച കോഴ്സ് ലീഡർക്കുള്ള പുരസ്കാരം ആര്യ ബോസിന് ഡോ. കെ. ജയകുമാർ സമ്മാനിച്ചു.

(പി.ആർ.ഒ./39/775/2019)

## പരീക്ഷ നടന്ന് 15 ദിവസത്തിനകം ഫലവും സർട്ടിഫിക്കറ്റും നൽകി എം.ജി. സർവകലാശാല

പരീക്ഷ നടന്ന് 15 ദിവസത്തിനുള്ളിൽ ഫലംപ്രഖ്യാപിച്ച് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്ത് മഹാത്മാഗാന്ധി സർവകലാശാല . സർവകലാശാല ലൈഫ് ലോങ് ലേണിങ് ആൻഡ് എക് സ്റ്റൻഷൻ

വകുപ്പിന്റെ കൗൺസിലിങ്, ലേണിങ് ഡിസെബിലിറ്റി മാനേജ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സുകളുടെ ഫലവും സർട്ടിഫിക്കറ്റ് വിതര ണവുമാണ് റെക്കോഡ് വേഗത്തിൽ പൂർത്തീകരിച്ചത് . ഏപ്രിൽ 13നാണ് പരീക്ഷ സമാപിച്ചത്. ഏപ്രിൽ 26ന് ഫലംപ്രഖ്യാപിക്കുകയും ഞായറാഴ്ച സ് കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു . വൈസ് ചാൻസലർ പ്രൊഫ . സാബു തോമസും തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല മുൻ വൈസ് ചാൻസലറും ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ. കെ. ജയകുമാറും സർട്ടിഫിക്കറ്റ് വിതരണം നിർവഹിച്ചു . അറിവിനെ സമൂഹത്തിലേക്ക് പ്രായഭേദമെന്യേ വ്യാപിപ്പിക്കാനുള്ള ശ്രമങ്ങളാണ് സർവകലാശാല ലൈഫ് ലോങ് ലേണിങ് ആൻഡ് എക് സ്റ്റൻഷൻ വകുപ്പ് നടത്തുന്നതെന്ന് പ്രൊഫ . സാബു തോമസ് പറഞ്ഞു . സർവീസിൽനിന്നു വിരമിച്ചവർക്കടക്കം പ്രായ വ്യത്യാസങ്ങളില്ലാതെ കോഴ് സുകൾ പഠിക്കാൻ ഇതിലൂടെ അവസരം കൈവരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഡോ. കെ. സാബുക്കുട്ടനാണ് തുടർവിദ്യാഭ്യാസ പഠന വ്യാപന വകുപ്പിന്റെ മേധാവി . മാത്യു കണമലയാണ് കൗൺസലിങ് കോഴ് സിന്റെ കോ -ഓർഡിനേറ്റർ. ഓർഗാനിക് ഫാമിങ്ങിലും യോഗിക് സയൻസിലും സർട്ടിഫിക്ക റ്റ്, ഡിപ്ലോമ കോഴ് സുകൾ വകുപ്പ് നടത്തുന്നുണ്ട് . ചടങ്ങിൽ എൻ .എൻ. ലാലു അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ഡോ . കെ. സാബുക്കുട്ടൻ, മാത്യു കണമല , പി.ആർ.ഒ. എ. അരുൺ കുമാർ എന്നിവർ പ്രസംഗിച്ചു. മികച്ച കോഴ്സ് ലീഡർക്കുള്ള പുരസ് കാരം ആര്യ ബോസിന് ഡോ . കെ. ജയകുമാർ സമ്മാനിച്ചു.

## ചിത്രം കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷൻ വകുപ്പും കമലദളം സാഹിത്യ അക്കാദമിയും ചേർന്ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച എകദിന ശിൽപശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

**മഹാത്മാഗാന്ധി സർവകലാശാല ലൈഫ് ലോങ് ലേണിങ് ആൻഡ് എക്സ്റ്റൻഷൻ വകുപ്പും കമലദളം സാഹിത്യ അക്കാദമിയും ചേർന്ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച എകദിന ശിൽപശാലയിൽ 'വികസനം, വിനാശം; ഗാന്ധിയൻ സമീപനം' എന്ന വിഷയത്തിൽ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല മുൻ വൈസ് ചാൻസലറും ചീഫ് സെക്രട്ടറിയുമായിരുന്ന ഡോ. കെ. ജയകുമാർ മുഖ്യപ്രഭാഷണം നടത്തുന്നു.**

(പി.ആർ.ഒ./39/776/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ